**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **01-09-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലെത്തിയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലെത്തിയ്ക്കുവാനും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ഉൾപ്പെടെ വിവിധ ചികിത്സകൾ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഡയാലിസിസുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളെ ഉയർന്ന നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് 'Setting Up of Dialysis Unit in Major Hospitals' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഡയാലിസിസ് യൂണിറ്റില്ലാത്ത ആശുപത്രികൾക്ക് മുൻഗണന നൽകി ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു വരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 2021-22 പ്ലാൻ ഫണ്ടിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 11 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനാവശ്യമായ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നതാണ്. |
| (സി) | നിർദ്ധനർക്ക് ആവശ്യമായ സഹായങ്ങളും മരുന്നും കൃത്യതയോടെ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എത്തുന്ന രോഗികൾക്ക് മരുന്നുകൾ കൃത്യമായി ലഭിക്കുന്നതിന് ആവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് എല്ലാ സർക്കാർ ആശുപത്രികളിൽ നിന്ന് സ്വീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് സമർപ്പിക്കുകയും ആയത് വഴി മരുന്നുകൾ ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എത്തുന്ന രോഗികൾക്ക് വിതരണം ചെയ്തും വരുന്നു. |

സെക്ഷൻ ഓഫീസർ